# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *360 – 21/06/2019 - ലെ മറുപടിക്ക്

## വാർഷിക പദ്ധതിവിനിയോഗത്തിലെ പുരോഗതി

ചോദ്യം | ഉത്തരം

ശ്രീ.രാജു എബ്രഹാം
,, സി.കെ. ഹരീന്ദ്രൻ
,, പി.ടി.എ. റഹീം
,, പി. ഉണ്ണി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയതിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ സാമ്പത്തിക വിഭവത്തിന്റെ കാര്യക്ഷമവും യുക്തിസഹവും ഫലപ്രദവുമായ വിനിയോഗത്തിന് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പഞ്ചവത്സര, വാർഷിക പദ്ധതികളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | കേന്ദ്രസർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ച് വിടുകയും പഞ്ചവത്സരപദ്ധതികൾ അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും, കേരള സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിക്ക് തുടക്കം കുറിക്കുകയും (2017-22) വാർഷിക പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. 2017-18 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 26500 കോടി രൂപയും 2018-19 വാർഷിക പദ്ധതിയുടെ അടങ്കൽ 29150 കോടി രൂപയുമായിരുന്നു. 2019-20 വാർഷിക പദ്ധതിയുടെ അടങ്കൽ 30610 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ |

| | | |
|---|---|---|
| | | ബോർഡിന്റെ പ്ലാൻ സ്പേസ് സാങ്കേതിക വിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ, ജില്ലാ തലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച്ച ദിവസങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി മാർ, എം.എൽ.എ മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) | 2018-19 വാർഷിക പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും അതിന്റെ വിനിയോഗത്തിൽ കൈവരിക്കാനായ പുരോഗതി സംബന്ധിച്ച വിവരവും നൽകാമോ; | 2018-19 വാർഷിക പദ്ധതിക്കായി 29150 കോടി രൂപ വകയിരുത്തിയിരുന്നതിൽ 22248.54 കോടി രൂപ വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രളയം പ്രതിസന്ധി സൃഷ്ടിച്ച സാഹചര്യത്തിലും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ? | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുന:ക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നിരുന്നാലും ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതിയിൽ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ 76.32 % വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**